ALL INDIA RADIO THIRUVANANTHAPURAM

ആകാശവാണി, തിരുവനന്തപുരം

NATIONAL BULLETIN

DATE: 04.09.2026 TIME : 07.25 PM

## പ്രധാന വാർത്തകൾ

1. പുത്തൻ സാങ്കേതികവിദ്യകൾ പ്രയോജനപ്പെടുത്തി അധ്യാപകർ സ്വയം നവീകരിക്കണമെന്ന് രാഷ്ട്രപതി ദ്രൗപദി മുർമു; അധ്യാപക ദിന സന്ദേശത്തിൽ ഏവർക്കും ആശംസകൾ നേർന്ന് രാഷ്ട്രപതി.

**President Droupadi Murmu calls upon teachers to constantly update their skills by making use of new technologies; extends greetings to all on Teachers' Day.**

2. രാജ്യത്തിന് അഭിമാനമായി കുതിച്ചുയർന്ന് അത്യാധുനിക ഭൗമനിരീക്ഷണ ഉപഗ്രഹം EOS-05; കാർഷിക മേഖലയ്ക്കും പ്രകൃതിവിഭവ നിരീക്ഷണത്തിനും വിക്ഷേപണം കരുത്തേകും.

**India's state-of-the-art Earth Observation Satellite EOS-05 launched successfully; mission to strengthen monitoring of agriculture and natural resources.**

3. ഉപരാഷ്ട്രപതി സി പി രാധാകൃഷ്ണൻ നാളെ ചെന്നൈ സന്ദർശിക്കും; ഹൃദ്രോഗ ചികിത്സയ്ക്കായുള്ള ഇന്ത്യ വാൽവ് രജിസ്ട്രിക്ക് ഉപരാഷ്ട്രപതി തുടക്കം കുറിക്കും.

**Vice President C. P. Radhakrishnan to visit Chennai tomorrow; to launch India Valve Registry aimed at supporting cardiac care.**

4. ഇറ്റലിയുടെ യുദ്ധാനന്തര ചരിത്രത്തിൽ തുടർച്ചയായി ഏറ്റവും കൂടുതൽ കാലം പ്രധാനമന്ത്രി എന്ന ഖ്യാതി

നേടിയ ജോർജിയ മെലോണിയെ അഭിനന്ദിച്ച് പ്രധാനമന്ത്രി നരേന്ദ്രമോദി.

**Prime Minister Narendra Modi congratulates Italian Prime Minister Giorgia Meloni on becoming the longest-serving Prime Minister in Italy's post-war history.**

5. രാജ്യവ്യാപക ദൗത്യത്തിലൂടെ 3,800-ലധികം കുട്ടികളെ ബാലവേലയിൽനിന്ന് മോചിപ്പിച്ച് ദേശീയ ബാലാവകാശ സംരക്ഷണ കമ്മീഷൻ.

**National Commission for Protection of Child Rights rescues over 3,800 children from child labour in nationwide operation.**

6. വിയറ്റ്നാമിൽ നടക്കുന്ന പിക്കിൾ ബോൾ ലോകകപ്പിൽ ഇന്ത്യയ്ക്ക് മികച്ച തുടക്കം.

**India makes an impressive start at the Pickleball World Cup being held in Vietnam.**

**&&&&&&&&&&&&&&&&&&&**

## PREZ - GREETINGS - TEACHERS DAY

മാറ്റങ്ങൾക്കനുസരിച്ച് അധ്യാപകർ അറിവുകൾ പുതുക്കണമെന്നും, സാങ്കേതികവിദ്യയും പുതിയ ബോധനരീതികളും പ്രയോജനപ്പെടുത്തണമെന്നും രാഷ്ട്രപതി ദ്രൗപദി മുർമു. നാളെ ദേശീയ അധ്യാപക ദിനത്തോടനുബന്ധിച്ച് രാജ്യത്തെ എല്ലാ അധ്യാപകർക്കും രാഷ്ട്രപതി ആശംസകൾ നേർന്നു. മുൻ രാഷ്ട്രപതി ഡോ. എസ് രാധാകൃഷ്ണന്റെ ജന്മവാർഷികമാണ് അധ്യാപക ദിനമായി ആചരിക്കുന്നത്.

**&&&&&&&&&&&&&&&&&&&**

## ISRO -SATELLITE

ഇന്ത്യയുടെ അത്യാധുനിക ഭൗമനിരീക്ഷണ ഉപഗ്രഹമായ EOS-05 വിക്ഷേപണം വിജയകരം. ശ്രീഹരിക്കോട്ടയിലെ സതീഷ്

ധവാൻ ബഹിരാകാശ കേന്ദ്രത്തിൽ നിന്ന് പുലർച്ചെ, GSLV– F17 റോക്കറ്റ് ഉപയോഗിച്ചായിരുന്നു വിക്ഷേപണം. ഭൗമനിരീക്ഷണം ശക്തമാക്കുന്നതിനും തത്സമയ ചിത്രങ്ങൾ നൽകുന്നതിനുമായി രൂപകൽപ്പന ചെയ്ത ഈ ഉപഗ്രഹം കൃഷി, പ്രകൃതിവിഭവ നിരീക്ഷണം എന്നിവയ്ക്ക് ഏറെ സഹായകമാകും.

&&&&&&&&&&&&&&&&&&&&

## VP INAUGURATES RESEARCH FACILITIES-INTRO

ശാസ്ത്രത്തെ ലക്ഷ്യബോധത്തോടെ പിന്തുടരണമെന്ന് യുവാക്കളോട് ആഹ്വാനം ചെയ്ത് ഉപരാഷ്ട്രപതി സി. പി. രാധാകൃഷ്ണൻ. യഥാർത്ഥ സാമൂഹിക ആവശ്യങ്ങൾ നിറവേറ്റാൻ കഴിവുള്ള നൂതനാശയങ്ങൾ വികസിപ്പിക്കാൻ യുവ ഗവേഷകരോട് അദ്ദേഹം ആവശ്യപ്പെട്ടു. ചണ്ഡീഗഢിലെ പഞ്ചാബ് സർവകലാശാലയിൽ നൂതന ഗവേഷണ സൗകര്യങ്ങൾ ഉദ്ഘാടനം ചെയ്യുകയായിരുന്നു അദ്ദേഹം.

(ഹോൾഡ് വോയിസ്)

&&&&&&&&&&&&&&&&&&&&

## VP - CHENNAI

ഉപരാഷ്ട്രപതി നാളെ ചെന്നൈ സന്ദർശിക്കും. ഹൃദ്രോഗ ചികിത്സാരംഗത്തെ മുന്നേറ്റം പ്രതിഫലിപ്പിക്കുന്ന 'ഇന്ത്യ വാൽവ്സ് 2026' ദേശീയ അക്കാദമിക സംഗമത്തിൽ, 'ഇന്ത്യ വാൽവ് രജിസ്ട്രി'-യുടെ ഉദ്ഘാടനം ഉപരാഷ്ട്രപതി നിർവഹിക്കും.

&&&&&&&&&&&&&&&&&&&&

## PM-ITALY PM

ഇറ്റലിയുടെ യുദ്ധാനന്തര ചരിത്രത്തിൽ തുടർച്ചയായി ഏറ്റവും കൂടുതൽ കാലം പ്രധാനമന്ത്രിയായി എന്ന ഖ്യാതി നേടിയ ജോർജിയ മെലോണിയെ പ്രധാനമന്ത്രി നരേന്ദ്ര മോദി അഭിനന്ദിച്ചു. ഇന്ത്യ–ഇറ്റലി പ്രത്യേക തന്ത്രപ്രധാന പങ്കാളിത്തത്തിനു കരുത്തേകുന്നതിൽ ജോർജിയ മെലോണിയുടെ സൗഹൃദം നിർണായക പങ്കുവഹിച്ചിട്ടുണ്ടെന്നും പ്രധാനമന്ത്രി പറഞ്ഞു.

&&&&&&&&&&&&&&&&&&&

## PM-SRCC

പ്രധാനമന്ത്രി നാളെ ന്യൂഡൽഹിയിൽ, ശ്രീറാം കോളേജ് ഓഫ് കൊമേഴ്സിൻറെ ശതാബ്ദി ആഘോഷത്തിൽ പങ്കെടുക്കും. അധ്യാപക ദിനാഘോഷങ്ങളും ശതാബ്ദി ആഘോഷത്തിന്റെ ഭാഗമായി സംഘടിപ്പിക്കും.

&&&&&&&&&&&&&&&&&&&

## NCPCR - SPECIAL CAMPAIGN- INTRO

ദേശീയ ബാലാവകാശ സംരക്ഷണ കമ്മീഷൻ, രാജ്യവ്യാപകമായി നടത്തിയ ദൗത്യത്തിലൂടെ ബാലവേലയിൽ നിന്ന് 3800-ലധികം കുട്ടികളെ മോചിപ്പിച്ചു. ഈ വർഷം ജൂൺ 12 മുതൽ ഓഗസ്റ്റ് 31 വരെ നടത്തിയ അഖിലേന്ത്യാ രക്ഷാ -പുനരധിവാസ യജ്ഞത്തിലൂടെയാണ് കുട്ടികളെ രക്ഷപ്പെടുത്തിയത്.

ഒരു റിപ്പോർട്ട് ...

(വോയിസ്)

## NCPCR - SPECIAL CAMPAIGN- VOICE

ബാലവേലയിൽനിന്നു കുട്ടികളെ രക്ഷപ്പെടുത്താൻ സംസ്ഥാന ഗവൺമെൻറുകൾ, പോലീസ്, ജില്ലാ മജിസ്ട്രേറ്റ് എന്നിവരുമായി

ചേർന്നാണ് ദേശീയ ബാലാവകാശ സംരക്ഷണ കമ്മീഷൻ പ്രത്യേക യജ്ഞം സംഘടിപ്പിച്ചത്. ബാലചൂഷണം, മനുഷ്യക്കടത്ത് എന്നിവ കൂടുതലായുള്ള പ്രദേശങ്ങളിൽ തീവ്ര പരിശോധന നടത്തിയാണ് 3800-ലധികം കുട്ടികളെ മോചിപ്പിച്ചത്. ഇതുമായി ബന്ധപ്പെട്ട് 575-ലധികം എഫ്.ഐ.ആറുകൾ രജിസ്റ്റർ ചെയ്തു. കൂടാതെ കുട്ടികളുടെ പുനരധിവാസം, വിദ്യാഭ്യാസം എന്നിവ സംബന്ധിച്ച തുടർനടപടികൾ സ്വീകരിക്കാനും കമ്മീഷൻ ഗവൺമെന്റിനോട് ആവശ്യപ്പെട്ടിട്ടുണ്ട്.

ന്യൂസ് ഡെസ്ക് ആകാശവാണി

&&&&&&&&&&&&&&&&&&&

## NEPAL-DNA TEST

നേപ്പാളിലുണ്ടായ മിന്നൽ പ്രളയത്തെ തുടർന്ന് കാണാതായ ഇന്ത്യക്കാരുടെ അടുത്ത ബന്ധുക്കളുടെ ഡിഎൻഎ പ്രൊഫൈലിങ് നടത്താൻ നിർദേശം നൽകി കേന്ദ്ര ആഭ്യന്തര മന്ത്രാലയം. കണ്ടെത്തിയ മൃതദേഹങ്ങൾ തിരിച്ചറിയുന്നതിനാണ് നടപടി. ഇതിനായി, കേന്ദ്ര - സംസ്ഥാന ഫോറൻസിക് സയൻസ് ലബോറട്ടറികൾ, നാഷണൽ ഫോറൻസിക് സയൻസസ് യൂണിവേഴ്സിറ്റി ലബോറട്ടറികൾ എന്നിവയുടെ സേവനങ്ങൾ ലഭ്യമാക്കും.

&&&&&&&&&&&&&&&&&&&

## NEPAL-DEATH TOLL

നേപ്പാൾ പ്രളയത്തിൽ ഇതിനകം 1300 ഓളം മരണം സ്ഥിരീകരിച്ചിട്ടുണ്ട്. അയ്യായിരത്തിലധികം പേരെ കാണാതായി.

അതിനിടെ, നേപ്പാളിലെ ത്രിശൂലി 3A ജലവൈദ്യുത പദ്ധതിയിലെ തുരങ്കത്തിൽ 10 ദിവസമായി കുടുങ്ങിക്കിടന്ന രണ്ട് പേരെ ജീവനോടെ രക്ഷപ്പെടുത്തി.

&&&&&&&&&&&&&&&&&&&&

## BRICS-CHIEF JUSTICE FORUM

മൂന്ന് ദിവസം നീളുന്ന ബ്രിക്സ് ചീഫ് ജസ്റ്റിസ് ഫോറത്തിന് ന്യൂഡൽഹിയിൽ തുടക്കമായി. ഇന്ത്യയുടെ ചീഫ് ജസ്റ്റിസ് സൂര്യ കാന്ത് ഇന്ന് റഷ്യ, ചൈന, യു.എ.ഇ, ദക്ഷിണാഫ്രിക്ക, ഇറാൻ, ഉസ്ബെക്കിസ്ഥാൻ തുടങ്ങിയ രാജ്യങ്ങളിൽ നിന്നുള്ള ജുഡീഷ്യൽ പ്രതിനിധി സംഘത്തലവൻമാരുമായി ഉഭയകക്ഷി കൂടിക്കാഴ്ച നടത്തി.

&&&&&&&&&&&&&&&&&&&&

## SC- RETIREMENT AGE

തമിഴ്നാടും കർണാടകവും ഉൾപ്പെടെ ഏഴ് സംസ്ഥാനങ്ങളിലെ ജഡ്ജിമാരുടെ വിരമിക്കൽ പ്രായം 60-ൽ നിന്ന് 62 വയസ്സായി ഉയർത്താൻ സുപ്രീം കോടതി നിർദേശം. ചീഫ് ജസ്റ്റിസ് സൂര്യ കാന്ത് അടങ്ങുന്ന 3 അംഗ ബെഞ്ചാണ് സർവീസ് ചട്ടങ്ങളിൽ ആവശ്യമായ ഭേദഗതി വരുത്താൻ സംസ്ഥാനങ്ങൾക്ക് നിർദേശം നൽകിയത്.

&&&&&&&&&&&&&&&&&&&&

## JHARKHAND’S DGP APPOINTMENT

വിരമിക്കാൻ ഒരു ദിവസം മാത്രം അവശേഷിക്കെ, DGP ആയി തടാഷ മിശ്രയെ നിയമിച്ച ഝാർഖണ്ഡ് സർക്കാറിൻറെ നടപടി നിയമ ലംഘനമാണെന്ന് സുപ്രീം കോടതി. DGP ആയി സ്ഥാനമേൽക്കുന്ന സമയത്ത് കുറഞ്ഞത് ആറുമാസമെങ്കിലും ഉദ്യോഗസ്ഥന് സർവീസ് ബാക്കിയുണ്ടായിരിക്കണമെന്ന മാനദണ്ഡം ലംഘിച്ചാണ് തടാഷ മിശ്രയുടെ നിയമനമെന്ന് കോടതി ചൂണ്ടിക്കാട്ടി.

&&&&&&&&&&&&&&&&&&&&

## KERALA CM- IIM

സംസ്ഥാന മന്ത്രിസഭാംഗങ്ങൾക്കായി, ഇന്ത്യൻ ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് മാനേജ്മെന്റ് സംഘടിപ്പിക്കുന്ന 'റീഇമാജിനിങ് കേരളം' ദ്വിദിന നേതൃത്വ ശിൽപശാലയ്ക്ക് കോഴിക്കോട് IIM-ൽ തുടക്കമായി. മുഖ്യമന്ത്രി വി ഡി സതീശൻ ഉദ്ഘാടനം ചെയ്തു.

&&&&&&&&&&&&&&&&&&&&

## SREEKRISHNA JAYANTHI

രാജ്യമെമ്പാടും ശ്രീകൃഷ്ണ ജയന്തി ആഘോഷപൂർവം കൊണ്ടാടി. അഷ്ടമിരോഹിണി മഹോത്സവത്തോടനുബന്ധിച്ച് കേരളത്തിലെ ശ്രീകൃഷ്ണസ്വാമി ക്ഷേത്രങ്ങളിൽ വൻ തിരക്കാണ് അനുഭവപ്പെട്ടത്. ശ്രീപത്മനാഭ സ്വാമി ക്ഷേത്രവും ഗുരുവായൂർ ശ്രീകൃഷ്ണ ക്ഷേത്രവും സാക്ഷ്യം വഹിച്ചത് വലിയ ഭക്തജനപ്രവാഹത്തിനാണ്. ജന്മാഷ്ടമിയോടനുബന്ധിച്ച് വിവിധ സാംസ്കാരിക സംഘടനകളുടെ നേതൃത്വത്തിൽ വിവിധയിടങ്ങളിൽ ശോഭായാത്രകളും അരങ്ങേറി.

&&&&&&&&&&&&&&&&&&&&

## ARANMULA - INTRO

ആറന്മുളയിൽ ഭക്തിനിർഭരമായ ചടങ്ങുകളോടെ അഷ്ടമിരോഹിണി വള്ളസദ്യ നടന്നു. ഭക്തരുടെ വൻ തിരക്കാണ് ക്ഷേത്രത്തിൽ പുലർച്ചെമുതൽ അനുഭവപ്പെട്ടത്.

വിശദാംശങ്ങളുമായി ആകാശവാണി പത്തനംതിട്ട ജില്ലാ പ്രതിനിധി ശ്രീജി എസ് ശ്രീധർ....

(ഹോൾഡ് വോയിസ്)

&&&&&&&&&&&&&&&&&&&&

## PICKLEBALL CUP 2026

വിയറ്റ്നാമിൽ നടക്കുന്ന പിക്കിൾ ബോൾ ലോകകപ്പ് ടീം ഇനത്തിൽ ഇന്ത്യയ്ക്ക് മികച്ച തുടക്കം. ജർമ്മനിയെയും നേപ്പാളിനെയും തോൽപ്പിച്ച ഇന്ത്യൻ സീനിയർ ടീം റൗണ്ട് ഓഫ് 32-ലേക്ക് യോഗ്യത നേടി. ടൂർണമെന്റിൽ ആറ് സ്വർണ്ണവും 16 വെള്ളിയും 15 വെങ്കലവും ഉൾപ്പെടെ 37 മെഡലുകൾ കരസ്ഥമാക്കിയ ഇന്ത്യ നിലവിൽ നാലാം സ്ഥാനത്താണ്.

&&&&&&&&&&&&&&&&&&&

## KCL

കേരള ക്രിക്കറ്റ് ലീഗ് മൂന്നാം സീസണിൽ തൃശൂർ ടൈറ്റൻസ് ഫൈനലിൽ. ട്രിവാൻഡ്രം റോയൽസിനെ ഒരു വിക്കറ്റിന് പരാജയപ്പെടുത്തിയാണ് തൃശൂർ ഫൈനലിൽ കടന്നത്. കാര്യവട്ടം ഗ്രീൻഫീൽഡ് സ്റ്റേഡിയത്തിൽ നടക്കുന്ന രണ്ടാം സെമിയിൽ ടോസ് നേടിയ ആലപ്പി റിപ്പിൾസ്, കാലിക്കറ്റ് ഗ്ലോബ് സ്റ്റാർസിനെ ബാറ്റിങ്ങിനയച്ചു.

&&&&&&&&&&&&&&&&&&&

## SCHOOL MELA

ഇക്കൊല്ലത്തെ സംസ്ഥാന സ്കൂൾ കായിക മേളക്ക് കോഴിക്കോട് വേദിയാവും. അടുത്ത മാസം 24 മുതൽ 29 വരെയാണ് സ്കൂൾ കായിക മേള.

&&&&&&&&&&&&&&&&&&&

## DD- E-TENDER

ഡി ഡി മലയാളത്തിൽ സംപ്രേക്ഷണം ചെയ്യുന്നതിനായി പ്രസാർ ഭാരതി 56 എപ്പിസോഡുകൾ അടങ്ങുന്ന സെലിബ്രിറ്റി എന്റർടൈൻമെന്റ് ഷോയ്ക്കായി ഇ ടെൻഡർ ക്ഷണിച്ചു. വിശദ

വിവരങ്ങൾക്കായി prasarbharati.eproc.in എന്ന പോർട്ടൽ സന്ദർശിക്കുക. അപേക്ഷിക്കാനുള്ള അവസാന തീയതി ഈ മാസം14.

&&&&&&&&&&&&&&&&&&&&

## JITENDRA SINGH-FRENCH MINISTER

ഇന്ത്യയും ഫ്രാൻസും തമ്മിലുള്ള ബഹിരാകാശ സഹകരണം കൂടുതൽ ശക്തമാക്കുന്നത് സംബന്ധിച്ച് മന്ത്രിതല ചർച്ച നടന്നു. കേന്ദ്ര ബഹിരാകാശ സഹമന്ത്രി ജിതേന്ദ്ര സിംഗും ഫ്രഞ്ച് ബഹിരാകാശ മന്ത്രി ഫിലിപ്പ് ബാപ്റ്റിസ്റ്റും വീഡിയോ കോൺഫറൻസ് വഴിയാണ് ചർച്ച നടത്തിയത്. മനുഷ്യ ബഹിരാകാശ ദൗത്യം, ബഹിരാകാശ ഏജൻസികൾ തമ്മിലുള്ള പങ്കാളിത്തം എന്നിവ ചർച്ചയായി.

&&&&&&&&&&&&&&&&&&&&

## MAHA-INDIA-BELGIUM DIAMOND TIES

ഇന്ത്യയും ബെൽജിയവും തമ്മിലുള്ള വജ്രവ്യാപാര പങ്കാളിത്തം, നൂറ്റാണ്ടുകൾ പഴക്കമുള്ളതും പരസ്പര വിശ്വാസത്തിലും സഹകരണത്തിലുമാണ് പടുത്തുയർത്തിയിരിക്കുന്നതെന്ന് ബെൽജിയം പ്രധാനമന്ത്രി ബാർട്ട് ഡി വെവർ. മുംബൈയിലെ ഭാരത് ഡയമണ്ട് ബോർസിൽ നടന്ന സമ്മേളനത്തിൽ സംസാരിക്കുകയായിരുന്നു അദ്ദേഹം.

&&&&&&&&&&&&&&&&&&&&

## AIR INDIA PHUKET-DELHI FLIGHT

ഫുക്കറ്റിൽനിന്ന് ഡൽഹിയിലേക്കു വന്ന എയർ ഇന്ത്യ വിമാനം നിർദിഷ്ട ആകാശ പാതയിൽനിന്നു താഴേക്ക് പതിച്ച് ഏതാനും യാത്രക്കാർക്ക് പരിക്കേറ്റ സംഭവത്തിൽ പൈലറ്റ് ലഹരിമരുന്ന് ഉപയോഗിച്ചതായി പ്രാഥമിക അന്വേഷണ റിപ്പോർട്ട്.

എയർക്രാഫ്റ്റ് ആക്സിഡൻ്റ് ഇൻവെസ്റ്റിഗേഷൻ ബ്യൂറോ ആണ് റിപ്പോർട്ട് പുറത്തുവിട്ടത്.

&&&&&&&&&&&&&&&&&&&

&&&&&&&&&&&&&

&&&